# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1252 13.07.2016 ലെ മറുപടിയ്ക്ക്**

**എൽ.ഡി.എഫ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഭരണ പരിഷ്കാരങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ്ജ് | ശ്രീ.പിണറായി വിജയൻ<br>ബഹു.മുഖ്യമന്ത്രി |
| എ) പുതിയതായി ഭരണത്തിലേറിയ എൽ.ഡി.എഫ് സർക്കാർ, സംസ്ഥാനത്ത് എന്തൊക്കെ പുതിയ ഭരണ പരിഷ്കാരങ്ങളാണ് ഉദ്യോഗസ്ഥ തലത്തിലും വികസന തലത്തിലും മറ്റ് വിവിധ മേഖലകളിലുമായി നടപ്പാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ; | എ) ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുന്ന നടപടികൾ സ്വീകരിക്കും<br>1) ജനങ്ങളുടെ പരാതികൾക്ക് വളരെ പെട്ടെന്ന് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങേയറ്റം ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ പൗരന്റെ പരാതി പരിഹാരത്തിനായിരിക്കും മുന്തിയ പരിഗണന നൽകുന്നത്.<br>2) അഴിമതിയ്ക്ക് എതിരെ ശക്തമായ നടപടികൾ സ്വീകരിക്കും.<br>3) സർക്കാർ കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വകുപ്പുതലവൻമാരും സെക്രട്ടേറിയറ്റും തമ്മിലുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>4) ഇ-ഗവേണൻസ് സംവിധാനം, ഇ-ടെന്റർ സംവിധാനം, പൗരാവകാശരേഖ, വിവരാവകാശ നിയമം, ഇ-ഓഫീസ്, ബയോമെട്രിക് -പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുവാൻ ഉപയുക്തമാക്കും.<br>5) എല്ലാ വകുപ്പുകളും നിർബന്ധിതമായും വിവരങ്ങൾ വെളിപ്പെടുത്തണം എന്ന വ്യവസ്ഥ ഏർപ്പെടുത്തും.<br>6) കൂടുതൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെന്റർ വ്യാപിപ്പിക്കും. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കും.<br>7) സ്ഥലമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവചിക്കപ്പെട്ടതുമായ മാനദണ്ഡം ഏർപ്പെടുത്തും.<br>8) പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റ് കൊണ്ടുവരും. പൊതുനിരീക്ഷണ സൗകര്യം ഒരുക്കും.<br>9) 2012 ലെ കേരള സംസ്ഥാന സേവന അവകാശ നിയമം, പൗരാവകാശ രേഖ എന്നിവ ശക്തിപ്പെടുത്തും.<br>10) യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനും, കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുന്നതിനും ഉതകുംവിധം സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് നടപടി ആരംഭിക്കും. |

11) ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും അഴിമതി രഹിതമായ സേവനം നൽകുന്നതിനും പര്യാപ്തമായ പരിശീലനങ്ങൾ ഐ.എം.ജി, കില, മുതലായ സ്ഥാപനങ്ങൾ മുഖേന നൽകുന്നതാണ്.

12) ഭരണപരിഷ്കരണ കമ്മീഷനെ നിയമിക്കും

13) നിയമങ്ങളും ചട്ടങ്ങളും കലോചിതമായി പരിഷ്കരിക്കും

| | | |
|---|---|---|
| ബി) | സർക്കാരിന്റെ ക്യാബിനറ്റിൽ എത്ര മന്ത്രിമാർ ഉണ്ടാകുമെന്നാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) നിലവിൽ മുഖ്യമന്ത്രിയെക്കൂടാതെ 18 മന്ത്രിമാരുണ്ട്. |
| സി) | മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ വിവിധ തസ്തികകളിൽ ആയി ആകെ എത്രപേരെ നിയമിക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഘടന എന്തെന്ന് വിശദമാക്കാമോ; | (സി) പൊതുഭരണ സർവ്വീസസ് (എച്ച്) വകുപ്പിന്റെ 16.09.2011 ലെ സ.ഉ.(സാധാ) നം.70361 2011/പൊ.ഭ.വ. പ്രകാരം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങളുടെ എണ്ണം 30 ആണ് എന്ന് നിശ്ചയിച്ചിട്ടുണ്ട്. കാറ്റഗറി എയിൽ 17 ഉം കാറ്റഗറി ബിയിൽ 13 ഉം വീതമാണ് അംഗങ്ങളുടെ എണ്ണം. |
| ഡി) | മുഖ്യമന്ത്രിയേയും മന്ത്രിമാരേയും ജനങ്ങൾ പരാതിയും മറ്റുമായി കാണുന്നതിന് സെക്രട്ടേറിയറ്റിലെ ഓഫീസുകളിലും വസതികളിലും എന്തെങ്കിലും തരത്തിൽ സമയം നിശ്ചയിച്ചിട്ടുണ്ടോ; ഇതിനെപ്പറ്റി വിശദമാക്കാമോ; | (ഡി) യും (ഇ) യും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമയം പുതുക്കി നിശ്ചയിച്ചിട്ടില്ല |
| ഇ) | മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ആഴ്ചയിൽ എത്രദിവസം സെക്രട്ടേറിയറ്റിലെ ഓഫീസുകളിൽ കാണുമെന്നതിനെ സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിവരം വിശദമാക്കാമോ? | |

Jeni R

**സെക്ഷൻ ഓഫീസർ**